# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

## 8–ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 82, 18.03.2013 ൽ മറുപടിയ്ക്ക്**

## 'സംസ്ഥാന ജീവനക്കാരുടെ ദീർഘകാല അവധി'

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻചാണ്ടി |
| --- | --- |
| (എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി ഇപ്പോൾ അനുവദിക്കുന്നുണ്ടോ.<br><br>(ബി) എങ്കിൽ ഇതു സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ. | ഉണ്ട്. റഗുലർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മറ്റ് ജോലി സ്വീകരിക്കുന്നതിനായി കേരള സർവ്വീസ് റൂൾസ് അനുബന്ധം XII A പ്രകാരവും ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിലേയ്ക്ക് കേരള സർവ്വീസ് റൂൾസ് അനുബന്ധം XII C പ്രകാരമുള്ള ദീർഘകാല ശൂന്യവേതനാവധി പരമാവധി 20 വർഷം വരെ അനുവദിക്കാറുണ്ട്. |

| | |
|---|---|
| (സി) ഇപ്പോൾ ദീർഘകാല അവധിയിലുള്ള ജീവനക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് അറിയിക്കുമോ. | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) പ്രസ്തുത ജീവനക്കാർക്ക് അവധിയിലുള്ള കാലത്തെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകാറുണ്ടോ.<br><br>(ഇ) ഇതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളുടെ വിശദാംശം അറിയിക്കുമോ. | ഇല്ല. കേരള സർവ്വീസ് റൂൾസ് അനുബന്ധം XII A യിലേയും അനുബന്ധം XII C യിലേയും ചട്ടം (4),(5) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം, പ്രസ്തുത അവധി കാലയളവിൽ ഉദ്യോഗസ്ഥർക്ക് സീനിയോറിറ്റി ഉൾപ്പടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നഷ്ടമാകും |
| (എഫ്) ദീർഘകാല അവധിയിലുള്ള ജീവനക്കാർക്ക് പകരം നിയമനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ. | ദീർഘകാല അവധിയിൽ ഉദ്യോഗസ്ഥർ പ്രവേശിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. |
| (ജി) ദീർഘകാല അവധി കഴിഞ്ഞ് യഥാസമയം ഹാജരാകാത്ത ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ വിശദമാക്കുമോ. | ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരമില്ലാതെ ദീർഘകാല അവധി കഴിഞ്ഞും അനധികൃതമായി സർവ്വീസിൽ നിന്ന് വിട്ടു നിൽക്കുന്ന ജീവനക്കാരെ അച്ചടക്ക നടപടിക്ക് വിധേയമാക്കി അവർക്ക് ബാധകമായ ശിക്ഷണ |

| | |
|---|---|
| | നടപടികൾ സ്വീകരിച്ച്, സർവ്വീസിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ് എന്ന് കേരള സർവ്വീസ് റൂൾസ് അനുബന്ധം XII A ലും അനുബന്ധം XII C ലും നിഷ്കർഷിച്ചിട്ടുണ്ട്. |
| (എച്ച്) അപ്രകാരം ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള ശിക്ഷാ നടപടികൾ എത്രയെന്ന് വകുപ്പ് തിരിച്ച് തസ്തിക സഹിതം വെളിപ്പെടുത്തുമോ. | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ